# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി. എ1-2-398/2015 തീയതി 22.12.2016

## പരിപത്രം

വിഷയം: ഉദ്യോഗസ്ഥരെ സംബന്ധിച്ച വാർഷിക രഹസ്യ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 4 ഭാഗം II ഖണ്ഡം 23 ലെ വ്യവസ്ഥകൾ പ്രകാരം എല്ലാ ക്ലാസ്സ് I & II ആഫീസർമാരും കഴിഞ്ഞുപോയ കലണ്ടർ വർഷത്തിൽ നാലു മാസത്തിൽ കുറയാതെ അവരുടെ കീഴിൽ ജോലി ചെയ്തിരുന്നവരും/ചെയ്യുന്നതുമായ അസിസ്റ്റൻറ്, സീനിയർ ഗ്രേഡ് അസിസ്റ്റൻറ്, സ്റ്റെനോഗ്രാഫർമാർ, ടൈപ്പിസ്റ്റ്, ലൈബ്രറി അസിസ്റ്റൻറ്, സർജൻറ്, ക്ലാസ്സ് IV ജീവനക്കാർ ഒഴികെയുളളവരുടെ, ജോലി, സ്വഭാവം എന്നിവ സംബന്ധിച്ചിട്ടുളള വാർഷിക രഹസ്യറിപ്പോർട്ട് ഫോറം I-ൽ നിർബന്ധമായി സമർപ്പിക്കേണ്ടതാണ്.

സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥ ഖണ്ഡം 23 (1) മുതൽ (3) പ്രകാരം, ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ എന്നീ ഉദ്യോഗസ്ഥർക്കും ഇത് ബാധകമാണ്. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ആഫീസർ അവരുടെ കീഴിൽ ജോലി ചെയ്യുന്ന മേൽ പരാമർശിച്ച സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരെ കുറിച്ചുളള വാർഷിക രഹസ്യറിപ്പോർട്ട് ഫോറം 1-ൽ എഴുതി വൈസ്-ചാൻസിലറുടെ അവലോകനത്തിനുശേഷം അവരവരുടെ പക്കൽ സൂക്ഷിക്കേണ്ടതുമാണ്.

രഹസ്യറിപ്പോർട്ടിൽ അതാത് മേലുദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരെക്കുറിച്ച്, അവരുടെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ/നിരീക്ഷണങ്ങൾ എഴുതി രേഖപ്പെടുത്തി മേലൊപ്പ് വച്ചതിനുശേഷം, **2017 ജനുവരി 31** ന് മുൻപായി രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം കീഴുദ്യോഗസ്ഥരെക്കുറിച്ച് രഹസ്യ റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവാദിത്വപ്പെട്ട ആഫീസർമാർ വാർഷിക രഹസ്യ റിപ്പോർട്ടിനെകുറിച്ചുളള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാ ആഫീസർമാരും അവരുടെ സ്റ്റാറ്റ്യൂട്ടറി കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും അതിൽ വരുന്ന വീഴ്ച്ച കാരണം സ്ഥാനക്കയറ്റ ലിസ്റ്റിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേര് ഒഴിവാക്കപ്പെടുന്ന പക്ഷം, ആയത് അച്ചടക്ക നടപടി ക്ഷണിച്ചു വരുത്തുമെന്നും ഇതിനാൽ അറിയിക്കുന്നു.

ഫാറം മലയാളത്തിൽ പൂരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്
**രജിസ്ട്രാർ**

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/ സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. പ്രോ വൈസ് ചാൻസിലറുടെ പി.എസ്
4. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പബ്ലിക് റിലേഷൻസ് ഓഫീസർ.
7. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ